ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 14.01.2026** **TIME : 06.30 PM**

### പ്രധാന വാർത്തകൾ

1) രാജ്യത്തിൻറെ സ്വയംപര്യാപ്തതയിൽ കർഷകർക്ക് നിർണായക പങ്കാണുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2) യുവാക്കളുടെ തൊഴിൽസാധ്യത മെച്ചപ്പെടുത്തുന്നതിനുള്ള കണക്ട് ടു വർക്ക് പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖയ്ക്ക് അംഗീകാരം നൽകി സംസ്ഥാന മന്ത്രിസഭായോഗം.
3) മകരസംക്രമ സന്ധ്യയിൽ, ശരണം വിളികളാൽ ഭക്തിസാന്ദ്രമായി ശബരിമല സന്നിധാനം. മഹാ ദീപാരാധന ഉടൻ ആരംഭിക്കും.
4) ദീപപ്രഭയുടെ അപൂർവ്വ ദൃശ്യവിരുന്നൊരുക്കി തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ ഇന്ന് ലക്ഷദീപം
5) സംസ്ഥാന സ്കൂൾ കലോത്സവം തൃശൂരിൽ ആവേശകരമായി പുരോഗമിക്കുന്നു.
6) ഇന്ത്യ-ന്യുസിലൻഡ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ന്യൂസിലൻഡിന് 285 റൺസ് വിജയലക്ഷ്യം

**പി എം -പൊങ്കൽ (ഇൻട്രോ)**

രാജ്യത്തിൻറെ സ്വയംപര്യാപ്തതയിൽ കർഷകർക്ക് നിർണായക പങ്കാണുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രാഷ്ട്ര നിർമാണത്തിൻറെ സുപ്രധാന ഭാഗമാണ് കർഷകരെന്നും, ന്യൂഡൽഹിയിൽ കേന്ദ്ര സഹമന്ത്രി എൽ. മുരുഗൻറെ വസതിയിൽ സംഘടിപ്പിച്ച പൊങ്കൽ ആഘോഷങ്ങളിൽ പങ്കെടുത്ത പ്രധാനമന്ത്രി പറഞ്ഞു. കർഷകരെ ശാക്തീകരിക്കുന്നതിൽ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

**കണക്ട് ടു വർക്ക്**

മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖയ്ക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകി. നൈപുണ്യ വികസനത്തിലൂടെ യുവാക്കളുടെ തൊഴിൽസാധ്യത മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. കുടുബ വാർഷിക വരുമാനം അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത 18 നും 30 നുമിടയിൽ പ്രായമുള്ളവർക്കാണ് അപേക്ഷിക്കാൻ അവസരം. അർഹരായ ആദ്യത്തെ 5 ലക്ഷം പേർക്ക് ഇതിലൂടെ പ്രതിമാസം ആയിരം രൂപ വീതം 12 മാസത്തേക്ക് സ്കോളർഷിപ്പ് നൽകും.

നിയമ സഭ

പതിനഞ്ചാം കേരള നിയമ സഭയുടെ 16-ാാം സമ്മേളനം ഈ മാസം 20 ന് ആരംഭിക്കുമെന്ന് സ്പീക്കർ എ എൻ ഷംസീർ. ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തോടെയാണ് സഭാ സമ്മേളനം ആരംഭിക്കുക. ഈ മാസം 29ന് ധനമന്ത്രി കെ എൻ ബാലഗോപാൽ സംസ്ഥാന ബജറ്റ് അവതരിപ്പിക്കും. മാർച്ച് 26 വരെ 32 ദിവസമാണ് സഭ സമ്മേളിക്കുക. ഫെബ്രുവരി 6 മുതൽ 22 വരെയുള്ള കാലയളവിൽ സഭ ചേരുന്നതല്ല.

ശബരിമല (ഇൻട്രോ)

മകരസംക്രമ സന്ധ്യയിൽ, ശരണം വിളികളാൽ മുഖരിതമായി ശബരിമല സന്നിധാനം. അയ്യപ്പവിഗ്രഹത്തിൽ തിരുവാഭരണം ചാർത്തിയുള്ള മഹാ ദീപാരാധന ഉടൻ ആരംഭിക്കും. മകരജ്യോതി ദർശനത്തിനായി ലക്ഷക്കണക്കിന് ഭക്തരാണ് ശബരിമലയിലും, പരിസരങ്ങളിലുമായി നിലയുറപ്പിച്ചിരിക്കുന്നത്. ഭക്തിസാന്ദ്രമാണ് സന്നിധാനം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......

(വോയിസ്)

## ഗവർണ്ണർ ആശംസ

മകരസംക്രാന്തിയുടെയും പൊങ്കലിന്റെയും വേളയിൽ ലോകമെമ്പാടുമുള്ള മലയാളികൾക്ക് ആശംസകൾ നേർന്ന് ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ഏവർക്കും സമൃദ്ധിയും, ആരോഗ്യവും, സന്തോഷവും ഉണ്ടാകട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.

## അപേക്ഷ ക്ഷണിക്കുന്നു.

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

## കലോത്സവം (ഇൻട്രോ)

സംസ്ഥാന സ്കൂൾ കലോത്സവത്തിന് തൃശൂരിൽ ആവേശകരമായ തുടക്കം. തേക്കിൻകാട് മൈതാനിയിൽ

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് രാവിലെ മേള ഉദ്ഘാടനം ചെയ്യു. ഈ മാസം 18 വരെ നീളുന്ന കൗമാര കലാമേളയിൽ 25 വേദികളിലായി 15,000 ലേറെ പ്രതിഭകളാണ് മാറ്റുരയ്ക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.....**

**(വോയിസ്)**

**ശ്രീപദ്മനാഭസ്വാമി ക്ഷേത്രം-ലക്ഷദീപം**

ദീപപ്രഭയുടെ അപൂർവ്വ ദൃശ്യവിരുന്നൊരുക്കി തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ ഇന്ന് ലക്ഷദീപം. 56 ദിവസം നീണ്ടു നിന്ന മുറജപത്തിന് സമാപനം കുറിക്കുന്ന ലക്ഷദീപക്കാഴ്ചയും പൊന്നും ശീവേലിയും ദർശിക്കാൻ വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്.

ചടങ്ങിൻറെ ഭാഗമായി വൈകുന്നേരം 4 മണിയോടെ മൺ ചെരാതുകൾ ഒരുക്കി തുടങ്ങി. തുടർന്ന് ലക്ഷദീപം ദർശിക്കാൻ ഭക്തരെ മതിലകത്തേക്ക് പ്രവേശിപ്പിച്ചു. ദീപാരാധനയ്ക്ക് ശേഷം രാത്രി 8.30 ഓടെ ശീവേലി നടക്കും. ശ്രീപത്മനാഭ സ്വാമിയെയും നരസിംഹ മൂർത്തിയേയും തിരുവമ്പാടി ശ്രീകൃഷ്ണ സ്വാമിയെയും പുഷ്പാലംകൃതമായ ഗരുഡ വാഹനത്തിൽ

എഴുന്നള്ളിക്കും. ക്ഷേത്ര സ്ഥാനി, മൂലം തിരുനാൾ രാമവർമ ശീവേലിക്ക് അകമ്പടി സേവിക്കും. ഇന്ന് കൂടാതെ നാളെയും മറ്റന്നാളും ലക്ഷദീപങ്ങൾ തെളിക്കും.

തൈപ്പൊങ്കൽ ഇൻട്രോ)

കാർഷിക സമൃദ്ധിയുടെയും നന്ദി പ്രകാശനത്തിന്റെയും ഉത്സവമായ തൈപ്പൊങ്കൽ ആഘോഷങ്ങളിൽ തമിഴ് ജനത. നാലു ദിവസം നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾ പഴയ വസ്തുക്കൾ ഉപേക്ഷിച്ച് പുതുമയെ വരവേൽക്കുന്ന ബോഗി പൊങ്കലോടെ ആരംഭിച്ചു. സൂര്യഭഗവാനും പ്രകൃതിക്കും നന്ദി അർപ്പിക്കുന്നതാണ് ഈ ഉത്സവത്തിന്റെ പ്രധാന സങ്കൽപം.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..........

(വോയിസ്)

കെ.എസ്.ഇ.ബി അവധി

തൈപ്പൊങ്കൽ പ്രമാണിച്ച് കേരളത്തിലെ 6 അതിർത്തി ജില്ലകൾക്ക് നാളെ പ്രാദേശിക അവധി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, പാലക്കാട്, ഇടുക്കി, വയനാട് ജില്ലകൾക്കാണ് അവധി.

## ക്രിക്കറ്റ്

ഇന്ത്യ-ന്യുസിലൻഡ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ന്യൂസിലൻഡിന് 285 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 50 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 284 റൺസ് നേടി. 92 പന്തിൽ പുറത്താകാതെ 112 റൺസ് നേടിയ കെ.എൽ. രാഹുലാണ് ഇന്ത്യയുടെ ടോപ് സ്കോറർ. ഇന്ത്യയുടെ മറുപടി ബാറ്റിങ്ങ് പുരോഗമിക്കുകയാണ്.